# ശിശ്രൂദിനങ്ങൾ

ഡോ. സീമാ ജെറോം



ശിശ്രുദിനങ്ങൾ
ഡോ. സീമാ ജെറോം
(മലയാളം: കവിതകൾ)

© 2020, Dr. Seema Jerome

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Picture with an Archer, a painting by Vasily Kandinsky. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ശിശു ദിനങ്ങൾ

അടവോടെ, മെയ്യൊളിച്ച്
പാടവത്തോടെ, മുതിരൽ പാലിച്ച്
സിംഹാസനങ്ങളോളം മൂത്തുപഴുത്ത്,
കുരുക്കഴിയാവാക്കും പൊരുളും-
കണ്ണും മൂക്കും പൊത്തിവിഴുങ്ങി,
കൊഴുത്തവേദികളിൽ ക്രമമായി തുപ്പി
കുട്ടിപ്പേച്ചുകളിൽ നരകയറി.
ശിശുദിനറാലിക്കുനിരന്ന കുഞ്ഞുങ്ങളാരും
കുട്ടിയുടുപ്പണിയുന്നേയില്ല!!



മോഹക്കൊട്ടാരങ്ങളിൽ
ചിത്തവ്യായാമങ്ങളിൽ
ആകൃതിയാലും വികൃതിയാലും
തകൃതിയായ് പെരുതായവർ
വഴിയോരത്തുലാസ്സുകളിൽ
പാളിപ്പാളി നോക്കുന്നു.
കോട്ടങ്ങളുടെ തട്ട്
ചിരിച്ചുതാഴുന്നത്...
നേട്ടങ്ങളുടെ തട്ട്
കരഞ്ഞുകുതിക്കുന്നത്...

ഇനിയും,
വാഴുവോരും വീഴുവോരും
ഉത്തരവുകളാൽ വകഞ്ഞറുക്കാതെ,
ഊരകത്താത്ത-
ശിശുദിനങ്ങൾ
ഉണർവ്വുകാത്തുറങ്ങുന്നുണ്ട്...
പഴയവഴി, പുഴനിവരുമ്പോൾ
മണ്ണനക്കങ്ങളിൽ
മരം, വിരൽപിണയ്ക്കുമ്പോൾ...

മൂത്തോര്ടെ മുതുവാക്കുതാറ്റാതെ
തൊട്ടിലിൽക്കിടന്ന്,
എനിക്കൊന്നുറങ്ങണം...
എന്റെമാത്രം പൂച്ചയുറക്കം

# സഹയാത്രികർ

കയറ്റിറക്കങ്ങളുടെ ഓരോവളവിലും
സഹയാത്രികരുണ്ട്.
ഒന്നിലേറെ വളവുകൾ പിന്നിടാൻ
ഒറ്റയായ് വന്നവർ,
ഒന്നിലേറെപ്പേരൊത്ത്
ഒറ്റവളവു പിന്നിടാൻ വന്നവർ,
രണ്ടാം വളവോളം നടന്ന്
തളർന്നവർ,
മെലിഞ്ഞുകുറുകിയമനസ്സഞ്ചികളിൽ
മുഖാവരണങ്ങൾ പേറുവോർ,
ഇടവഴിയിൽ
പിഴച്ചകണക്കുപേക്ഷിച്ച്
നിർമമതമൊത്തുവോർ,
സങ്കടക്കയം തീർത്ഥമാക്കി



പൊരുളുതേടുവോർ,
ഹൃദയശിലകളിൽ-
മുറിഞ്ഞവാക്കുകോറി,
തിരിഞ്ഞുനടന്നവർ,
കഥയുടെ കെട്ടും രസച്ചരടുംപൊട്ടി
യാത്രമുടക്കിയോർ.
ഗതിവിഗതികൾക്കു താളം പകർന്നത്-
പൊയ്ക്കാലുകൾ വച്ച്
യാത്രയ്ക്കു ചാരുതകൂട്ടിയോർ
ചിത്തഭ്രമങ്ങൾക്കു കൊഴുപ്പേറ്റി
നവരസം കാട്ടിയോർ.
മണിമുഴക്കങ്ങൾക്കൊത്തു
പൈദാഹങ്ങൾ ചിട്ടപ്പെടുത്തിയതും
സഹയാത്രികർ
രുചിഭേദങ്ങളുള്ള സഹയാത്രികരുടെ
ഇഷ്ടരുചികളിൽ
അരുചിയുടെ ചഷകം പകരുന്ന
ചവർപ്പ്...
ഇടത്താവളങ്ങളില്ലാത്ത ദിശാബോധങ്ങളിൽ
മനം പിരട്ടിമുറിഞ്ഞുവീഴുന്ന-
വാക്കായി, വറുതിയായി
വഴിപിരിയുന്ന സഹയാത്രകൾ

# ചിറകുകൾ

ചിറകുകളെക്കുറിച്ചോർക്കാത്തവരോ
ചിറകുമുളയ്ക്കാൻ കാക്കാത്തവരോ
നന്നേ ചുരുക്കം.
ചുണ്ടുപലകകൾക്കൊത്ത്-
നടന്നു കാലിടറിയാലും
കണ്ണുമഴകൊണ്ട്
നിനവുകളുറഞ്ഞാലും
ചിറകുമുളയ്ക്കണമെന്നില്ല.
തലച്ചുമടേറ്റി
തലച്ചോറു പുഴുക്കുത്തുമ്പൊഴും
വിലവിവരപ്പട്ടികയിൽ
ഒന്നാം സ്ഥാനം
ചിറകുകൾക്ക്.
അമ്മൂമ്മ പറഞ്ഞത്-



ചിറകുകിട്ടിയാൽ,
ജലരേഖകൾ കടന്ന്
പവിഴക്കൊട്ടാരത്തിലെത്താം,
കാറ്റിനെ കൊഞ്ഞനം കാട്ടാം.
മേഘത്തിൽ കാലുനീട്ടിയിരുന്ന്
താഴോട്ടുനോക്കാം.
കർമ്മഫലം കൊണ്ടുനേർന്നാലേ
ചിറകുകിട്ടുള്ളൂന്ന് വിശ്വാസി.
നിലവാരമനുസരിച്ച്
വെള്ളയോ കറുപ്പോ കിട്ടുമത്രേ.
ഉൾച്ചൂടുകൊണ്ട് തൊലിപ്പുറത്ത്
പുള്ളിക്കുത്ത് വീണവർക്ക്,
ആവർത്തനങ്ങളുടെ പെരുമഴയിൽ
നനഞ്ഞുകുതിർന്നവർക്ക്,
കൊതിയോടെ നടപ്പുതുടങ്ങിയവർക്ക്
ചിറകുമുളയ്ക്കുന്നത്, ഒരുപോലെയാണ്.
ഊഴം കാക്കാതെ,
ചിറകുവെച്ചുകെട്ടുന്നവരുണ്ട്.
ചാപിള്ളയ്ക്കിതൊന്നും ബാധകമല്ല.

## ഡോ. സീമാ ജെറോം



ഡോ. സീമാ ജെറോം പ്രഭാഷകയും എഴുത്തുകാരിയും ലിംഗതുല്യത, മതേതരത്വം എന്നിവയുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളിയുമാണ്. നിലവിൽ കേരള സർവ്വകലാശാല മലയാളവിഭാഗം അസ്സോസിയേറ്റ് പ്രൊഫസ്സറും റിസേർച്ച് ഗൈഡുമാണ്. മലയാളം ലക്സിക്കൻ വിഭാഗം എഡിറ്ററായും ചുമതല വഹിക്കുന്നു. അന്തർ സർവ്വകലാശാല മലയാളകേന്ദ്രം ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. യു ജി സി ധനസഹായത്തോടെ 'സ്ത്രീസ്വത്വനിർമ്മിതി മലയാളത്തിലെ പെൺവാരികകളിൽ' എന്ന വിഷയത്തിൽ മേജർ റിസേർച്ച് പ്രോജക്റ്റ് ചെയ്തിട്ടുണ്ട്. ഭാഷാപഠനം, ജെൻഡർ സ്റ്റഡീസ്, തിയേറ്റർ, മാധ്യമപഠനം എന്നിവയിൽ കേന്ദ്രീകരിച്ച് ഗവേഷണപ്രസിദ്ധീകരണങ്ങളിലും ആനുകാലികങ്ങളിലും എഴുതിയിട്ടുണ്ട്. പുസ്തകങ്ങൾ: ആദ്യകാലകവിതകളിലെ പ്രകൃതിസമീപനങ്ങൾ, അരങ്ങിലെ ആധുനികീകരണം.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014